ഉത്തരം

(എ) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളിൽ സഞ്ചാരയോഗ്യമല്ലാത്തവ അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കാൻ റോഡ് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കുഴികൾ നികത്തുക, തകർന്നുപോയ ഭാഗം പൂർവ്വസ്ഥിതിയിലാക്കുക മുതലായ അറ്റകുറ്റപ്പണികളും റീടാറിംഗ് പ്രവൃത്തികളും നിലവിലുള്ള മെറ്റൽ റോഡുകളുടെ ടാറിംഗ് പ്രവൃത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

(ബി) വികസന ഫണ്ട് വിഹിതത്തിന്റെ പശ്ചാത്തല മേഖലാ വിഹിതം, റോഡ് മെയിന്റനൻസ് ഫണ്ട്, തനത്/ജനറൽ പർപ്പസ് ഫണ്ട്, മിച്ചം എന്നീ സ്രോതസ്സുകളിൽ നിന്നാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖ്യമായും ഈ പദ്ധതിക്ക് ഫണ്ട് കണ്ടെത്തുന്നത്. 2010-11-ലെ റോഡിതര മെയിൻനനൻസ് ഫണ്ടിന്റെ 20 ശതമാനം തുക വിനിയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇവയ്ക്ക് പുറമെ ഈ പദ്ധതിക്കുള്ള അധിക വിഹിതമായി 283.66 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) കാലതാമസം കൂടാതെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി വാങ്ങി നിർവ്വഹണ നടപടികൾ ആരംഭിക്കാവുന്നതാണ്.

പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരമുള്ള റോഡ് നിർമ്മാണം

201 (493) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം എത്ര റോഡുകളാണ് ഏറ്റെടുത്ത് പണി ചെയ്യാൻ ആരംഭിച്ചത് വിശദമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷങ്ങളിൽ ഏറ്റെടുത്ത എത്ര റോഡ് വർക്കാണ് പൂർത്തിയാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഇനിയും പൂർത്തീകരിക്കാനാകാതെ ഏതെങ്കിലും റോഡുകളുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ എത്ര റോഡുകളാണ് പൂർത്തീകരിക്കാനാകാതെ ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത റോഡുകൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(എഫ്) കാലതാമസം ഒഴിവാക്കി പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം 3 പാക്കേജുകളിലായി 11 റോഡുകളാണ് ഏറ്റെടുത്തിട്ടുള്ളത്.

(ബി) നാലാം ഘട്ടത്തിൽ ഏറ്റെടുത്ത പാക്കേജ് നമ്പർ കെ.ആർ 1306-ലെ രണ്ട് റോഡുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്.

(സി) പൂർത്തീകരിക്കാനുള്ള റോഡുകളുണ്ട്.

(ഡി) ഒൻപത് റോഡുകളാണ് പൂർത്തീകരിക്കാനായിട്ടുള്ളത്. (പാക്കേജ് നമ്പർ കെ.ആർ 1306-ലെ 5 റോഡ്, കെ.ആർ.1325-ലെ 2 റോഡ് കെ.ആർ. 1318-ലെ 2 റോഡ്).

(ഇ) ഏഴാം ഘട്ടത്തിൽ ഏറ്റെടുത്ത പാക്കേജ് നമ്പർ കെ.ആർ. 1318-ലെ 2 റോഡുകൾക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. പാക്കേജ് നമ്പർ കെ.ആർ. 1325-ലെ പാർളിക്കാട് നോർത്ത് മംഗലം വെസ്റ്റ് റോഡിന് സ്ഥലം പൂർണ്ണമായും വിട്ടുകിട്ടാത്തതുകാരണം പണിയുടെ പുരോഗതിക്ക് കാലതാമസം നേരിടുന്നുണ്ട്. പ്രസ്തുത പാക്കേജിലെ വേലൂർ പോസ്റ്റോഫീസ് കിരാലൂർ റോഡ് പണി പുരോഗമിക്കുകയാണ്. നാലാം ഘട്ടത്തിൽ ഏറ്റെടുത്ത പാക്കേജ് നമ്പർ കെ.ആർ. 1306-ലെ 5 റോഡുകളുടെ പണി ഏറ്റെടുത്ത വിജയ കൺസ്ട്രക്ഷൻസ് കമ്പനി പണി പൂർത്തീകരിക്കാത്തതിനാൽ ഫൈനൽ നോട്ടീസ് നൽകിയിട്ടുണ്ട്.

(എഫ്) റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ഏഴാംഘട്ടത്തിൽ ഏറ്റെടുത്ത പാക്കേജ് നമ്പർ കെ.ആർ. 1318-ലെ 2 റോഡുകളും, പാക്കേജ് നമ്പർ കെ.ആർ. 1325-ലെ ഒരു റോഡും പൂർത്തീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. സ്ഥലലഭ്യത ഉറപ്പുവരുത്തേണ്ടത് ത്രിതല പഞ്ചായത്തുകളാണ്. നാലാം ഘട്ടത്തിൽ ഏറ്റെടുത്ത പാക്കേജ് നമ്പർ കെ.ആർ. 1306-ലെ 5 റോഡുകളുടെ നിലവിലുള്ള കരാറുകാരനെ ഒഴിവാക്കി ബാക്കി പണികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) സ്ഥലം ലഭ്യമാക്കാനായി പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ യോഗത്തിൽ കരാറുകാരനെയും ത്രിതല പഞ്ചായത്തുകളുടെ പ്രതിനിധികളെയും പങ്കെടുപ്പിച്ച് സമന്വയത്തിനായി ശ്രമിക്കുന്നതാണ്. പാക്കേജ് നമ്പർ കെ.ആർ. 1306-ന്റെ കരാറുകാരനെ നോട്ടീസ് കാലാവധി തീരുന്ന മുറയ്ക്ക് ടെർമിനേറ്റ് ചെയ്ത് ബാക്കി പണികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വയനാട് ജില്ലയിലെ ഗ്രാമവികസന പരിപാടികൾ

202 (494) ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പദ്ധതി ഇനത്തിൽ ഗ്രാമവികസന പരിപാടികൾക്കായി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ചെലവഴിച്ച തുകയുടെ താലൂക്കുതല വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly